(*f*) Yes.

(*g*) Yes.

(*h*) A copy is appended. (*Please see Appendix VI*).

(*i*) Vide answers to (*a*) and (*c*).

(*j*) Not possible in this year in view of insufficiency of the amount (Rs. 1,000) sanctioned.

(*k*) Please see answer to (*j*).

KODAKARA TODDY SHOP CONTRACTOR—OPENING OF UNAUTHORISED SHOP BY.

416. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് സദയം മറുപടി പറയുമോ:—

(എ) കൊടകര കള്ളുഷാപ്പു കരാറുകാരൻ ആർ;

(ബി) അദ്ദേഹം ഗവൺമെൻറിന്റെ അനുവാദമോ ഗവൺമെൻറിന്റെ ആജ്ഞയോ ഇല്ലാതെ തെച്ചേരിയിൽ ഒരു കള്ളുഷാപ്പു നടത്തിവരുന്നതായി ഗവൺമെൻറിനു അറിവുണ്ടോ ; ഉണ്ടെങ്കിൽ,

(സി) ആ സംഗതിയിൽ ഗവൺമെൻറ് എന്തുനടപടിയാണ് നടത്തിയതു;

(ഡി) ഇപ്പോഴും ആ ഷാപ്പുകാരൻ തെച്ചേരിയിൽ കള്ളുവില്പന നടത്തുന്നില്ലേ;

(ഇ) ഇരിങ്ങാലക്കുട റേഞ്ചു് സബ്ബ് ഇൻസ്പെക്ടർ മിസ്റ്റർ കോരുവും കൊടകര കള്ളുഷാപ്പു കൺടാക്ടരും തമ്മിൽവല്ല സംബന്ധവുമുണ്ടോ ; ഉണ്ടെങ്കിൽ അവർ തമ്മിലുള്ള സംബന്ധം എന്തു?

മിസ്റ്റർ എം. രാമൻമേനോൻ : (എ) വറീതു്, കോന്നൻ എന്ന രണ്ടു പേർ.

(ബി) നടത്തിവരുന്നില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) മുമ്പു ഉണ്ടായിട്ടുമില്ല. ഇപ്പോഴും ഇല്ല.

(ഇ) കോന്നൻ എന്നാളായിട്ട സംബന്ധം ഉണ്ടു; (Cousin.)

SWEET TODDY—SALE IN TODDY SHOPS.

417. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് സദയം മറുപടി പറയുമോ:—

(എ) കൊച്ചി രാജ്യത്തിലെ കള്ളുഷാപ്പുകളിൽ ചക്കരക്കള്ളു വിറ്റുവരുന്നതായി ഗവൺമെൻറിനറിയാമോ;

(ബി) മദ്യഷാപ്പുകളിൽ മദ്യത്തിൽ ചക്കരക്കള്ളു ചേർത്തു വില്ക്കുന്നതു ഗവൺമെൻറിന്റെ വരവിനെ സാരമായിബാധിക്കുന്ന ഒന്നല്ലേ;

(സി) ബ്രിട്ടീഷിൽനിന്നു ഇരിങ്ങാലക്കുട റേഞ്ചിലെ കള്ളുഷാപ്പുകരാറുകാർ ചക്കരകള്ളു കടത്തിവരുന്നുണ്ടെന്നു എക്സൈസ്സ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരോടു മുകുന്ദപുരം ചെത്തുതൊഴിലാളി സംഘത്തിന്റെ രക്ഷാധികാരി പറഞ്ഞിട്ടില്ലേ;

LIBRARY ARCHIVES Kerala Legislative Assembly